# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 572 | 28/09/2016-ൽ മറുപടിയ്ക്ക്

### കണ്ടൽ കാടുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ,<br>,, പി.ബി.അബ്ദുൽ റസ്സാക്ക് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ശേഷിച്ചിട്ടുള്ള കണ്ടൽ കാടുകളെ നശീകരണത്തിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനായി നിലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രാധാനമായി കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥലഉടമകൾക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഒരു ഏക്കറിന് 4000 രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കണ്ടൽ കാടുകളുള്ള പ്രദേശങ്ങളിലെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ തൈകൾ വച്ചുപിടിപ്പിക്കുന്നു. കണ്ടൽ ക്കാടുകളിൽ അടിഞ്ഞു കൂടുന്നതും അവയുടെ നിലനിൽപ്പിന് ഭീഷണി സൃഷ്ടിക്കുന്നതുമായ ഖര മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. കൂടാതെ കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളെ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | മഹാരാഷ്ട്ര സർക്കാർ കണ്ടൽ കാടുകളുടെ സംരക്ഷണാർത്ഥം അവ റിസർവ് വനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ ഇവിടെയും ആ മാർഗ്ഗം സ്വീകരിക്കുന്ന കാര്യം പരിഗണി ക്കുമോ ? | സി) | 1961- ലെ കേരള വന സംരക്ഷണ നിയമപ്രകാരം കണ്ണൂർ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള 237.92 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വ് ഫോറസ്റ്റായും കോഴിക്കോട് മലപ്പുറം ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള യഥാക്രമം 2.82, 20.78 ഹെക്ടർ പ്രദേശങ്ങൾ പ്രൊപോസ്ഡ് റിസർവ്വ് ഫോറസ്റ്റായും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് മഞ്ചേശ്വരം താലൂക്കിലെ 54 ഹെക്ടർ കണ്ടൽക്കാട് പരിഹാര വനവൽക്കരണത്തിനായി റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയും ആയത് റിസർവ്വ് വനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടൽക്കാടുകളുള്ള മറ്റു സ്ഥലങ്ങൾ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ